ഭരണഭാഷ മാതൃഭാഷ
**കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്**
**KERALA STATE BIODIVERSITY BOARD**
A statutory and autonomous body, Government of Kerala

886/A15/2023/KSBB തിയതി: 31-08-2024

## <u>കേരള സംസ്ഥാന ജൈവവൈവിധ്യ സംരക്ഷണ പുരസ്കാരം 2022</u>

കേരള സംസ്ഥാന പരിസ്ഥിതി വകുപ്പിൻ കീഴിൽ പ്രവർത്തിക്കുന്ന കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് ജൈവവൈവിധ്യ സംരക്ഷണ രംഗത്ത് ശ്രദ്ധേയമായ പ്രവർത്തനങ്ങൾ കാഴ്ചവക്കുന്ന വ്യക്തികളെയും സംഘടനകളെയും വിദ്യാഭ്യാസ സ്ഥാപനങ്ങളെയും മാധ്യമപ്രവർത്തകരെയും അംഗീകരിക്കുന്നതിനായി ഏർപ്പെടുത്തിയിട്ടുള്ള പുരസ്ക്കാരമാണ് "**കേരള സംസ്ഥാന ജൈവവൈവിധ്യ സംരക്ഷണ പുരസ്കാരം**". 2007 മുതൽ സംസ്ഥാന ജൈവവൈവിധ്യ ബോർഡ് ഈ അവാർഡുകൾ നൽകി വരുന്നു.

2022 ലെ ജൈവവൈവിധ്യ പുരസ്ക്കാരങ്ങൾക്ക് വിവിധ വിഭാഗങ്ങളിലായി 12 അവാർഡുകളാണ് നൽകുന്നത്. ഇതിൽ 5 അവാർഡുകൾ വ്യക്തിഗത പ്രവർത്തനങ്ങൾക്കും, ***1 അവാർഡ് പുതുതായി ഏർപ്പെടുത്തിയ മികച്ച കാവ് സംരക്ഷണത്തിനുള്ളതും***, 6 അവാർഡുകൾ വ്യത്യസ്ത സ്ഥാപനങ്ങൾക്കുമായി ഉള്ളതുമാണ്. 01.01.2022 മുതൽ 31.12.2022 വരെയുള്ള കാലയളവിലെ ജൈവവൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങൾക്കാണ് പുരസ്കാരം നൽകുന്നത്. സംസ്ഥാന ജൈവവൈവിധ്യ ബോർഡ് ചെയർമാൻ **ഡോ. രത്തൻ യു. ഖേൽക്കർ** ഐ.എ.എസ് ന്റെ അധ്യക്ഷതയിൽ ചേർന്ന 63-മത് ബോർഡ് യോഗത്തിലാണ് അവാർഡ് പ്രഖ്യാപനം നടത്തിയത്.

### <u>2022 ലെ ജൈവവൈവിധ്യ പുരസ്ക്കാര വിജയികൾ</u>

1. **<u>കേരളത്തിലെ മികച്ച ഗ്രാമപഞ്ചായത്ത് ജൈവവൈവിധ്യ പരിപാലന സമിതി (ബി.എം.സി) :</u>**

**<u>ഒന്നാം സമ്മാനം:</u> ശ്രീനാരായണപുരം ഗ്രാമപഞ്ചായത്ത് ജൈവവൈവിധ്യ പരിപാലന സമിതി,** ശ്രീനാരായണപുരം ഗ്രാമപഞ്ചായത്ത് പി.ഒ ശാന്തിപുരം, തൃശ്ശൂർ ജില്ല **₹ 1,00,000 രൂപയും പ്രശസ്തി പത്രവും.**

**<u>രണ്ടാം സമ്മാനം:</u> കടലുണ്ടി ഗ്രാമപഞ്ചായത്ത് ജൈവവൈവിധ്യ പരിപാലന സമിതി,** കടലുണ്ടി ഗ്രാമപഞ്ചായത്ത് പോസ്റ്റ്, ചാലിയം, കോഴിക്കോട് ജില്ല. **₹ 50,000 രൂപയും പ്രശസ്തിപത്രവും.**

**ശ്രീനാരായണപുരം ഗ്രാമപഞ്ചായത്ത് ജൈവവൈവിധ്യ പരിപാലന സമിതി:** ജൈവവൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങളിൽ ഒട്ടേറെ മാതൃകകൾ, *<u>തദ്ദേശ ജൈവവൈവിധ്യ പൈതൃക സ്ഥലം, ജനകീയ ജൈവവൈവിധ്യ രജിസ്റ്റർ രണ്ടാം ഭാഗം, ഇലക്ട്രോണിക് പി ബി ആർ, ജൈവവൈവിധ്യ പരിപാലന സമിതിയുടെ മീറ്റിങ്ങുകൾ, പതിമൂന്നാമത് വർക്കിംഗ് ഗ്രൂപ്പ് മീറ്റിങ്ങുകൾ, വനവൽക്കരണ പ്രവർത്തനങ്ങൾ</u>* തുടങ്ങിയവ മുന്നോട്ടുവച്ചതിന്. ഇത് കൂടാതെ ആവാസ വ്യവസ്ഥാപുനസ്ഥാപന പദ്ധതി, തോടുകളുടെ പുനരുദ്ധാരണം, പശ്ചിമഘട്ട വേഴാമ്പൽ സംരക്ഷണം - ഡോക്യുമെന്ററി, കാർഷിക മത്സ്യ കൃഷി, കണ്ടൽകാടുകൾ സംരക്ഷണം, പച്ചത്തുരുത്തുകൾ, ജൈവവൈവിധ്യ പാർക്കുകൾ, നെൽകൃഷി, തീരദേശ ആവാസ വ്യവസ്ഥ പുനസ്ഥാപിക്കൽ പദ്ധതി, തണ്ണീർ തടങ്ങളുടെയും നീർചാലുകളുടെയും പുനസ്ഥാപനം.

**<u>കടലുണ്ടി ഗ്രാമപഞ്ചായത്ത് ജൈവവൈവിധ്യ പരിപാലന സമിതി</u>**: സ്മൃതിവനം പദ്ധതി, നാട്ടുവഴികൾ നാട്ടുഫലങ്ങൾ, പാതയോര കൃഷി, കുളം സംരക്ഷണവും പുതിയ കുളങ്ങൾ നിർമ്മിക്കലും, പുഴയോരം കയർഭൂവസ്ത്രത്താൽ സംരക്ഷണം, ഔഷധ ചെടികൾ നട്ടുപിടിപ്പിക്കൽ, പി.ബി.ആർ പുതുക്കലും ഡിജിറ്റലൈസേഷനും, കണ്ടൽതൈ നടീൽ (കടലുണ്ടി പുഴ, ചാലിയാർ), മത്സ്യ കുഞ്ഞുങ്ങളെ നിക്ഷേപിക്കൽ, കടലോരത്ത് മുരിങ്ങ കൃഷി, വിത്ത് വണ്ടി, പച്ചത്തുരുത്ത്, മിയാവാക്കി, ജലബഡ്ജറ്റ്,

കാവുകളുടെ സംരക്ഷണം മുതലായവ.

2. <u>**മികച്ച ജൈവവൈവിധ്യ സ്കൂൾ**</u>: **ജി.എൽ.പി.എസ് മടവൂർ,** പള്ളിക്കൽ പി.ഒ., കിളിമാനൂർ തിരുവനന്തപുരം ജില്ല. **₹ 25,000 രൂപയും പ്രശസ്തിപത്രവും.**

3. <u>**മികച്ച ജൈവവൈവിധ്യ കോളേജ്:**</u> **കോളേജ് ഓഫ് അപ്ലൈഡ് സയൻസ്,** കാന്തല്ലൂർ, മറയൂർ, ഇടുക്കി ജില്ല. **₹ 25,000 രൂപയും പ്രശസ്തി പത്രവും.**

<u>**സർട്ടിഫിക്കറ്റ് ഓഫ് അപ്പ്രീസിയെഷൻ:**</u> **ടി.കെ. മാധവ മെമ്മോറിയൽ കോളേജ്,** നങ്ങ്യാർകുളങ്ങര പി.ഒ., ഹരിപ്പാട്, ആലപ്പുഴ & **നിർമലഗിരി കോളേജ്,** നിർമലഗിരി പി.ഒ., കൂത്തുപറമ്പ്, കണ്ണൂർ, കേരളം.

4. <u>**മികച്ച ജൈവവൈവിധ്യ സംരക്ഷണ സ്ഥാപനം (സർക്കാർ, സഹകരണ, പൊതുമേഖല)**</u>: **കേരള സർവകലാശാല, കാര്യവട്ടം, തിരുവനന്തപുരം** & **കണ്ണൂർ സർവ്വകലാശാല,** താവക്കര, സിവിൽ സ്റ്റേഷൻ പി.ഒ., കണ്ണൂർ. **₹ 12,500 രൂപ വീതവും പ്രശസ്തി പത്രവും.**

5. <u>**മികച്ച ജൈവവൈവിധ്യ സംരക്ഷണ സ്ഥാപനം (സ്വകാര്യമേഖല)**</u>: **ടാറ്റ കൺസൾട്ടൻസി സർവീസസ് (TCS), യൂണിറ്റ്** 1 & 2, TCS സെന്റർ SEZ, ടെക്നോപാർക്ക് കാമ്പസ്, കാര്യവട്ടം P.O., തിരുവനന്തപുരം. **₹ 25,000 രൂപയും പ്രശസ്തിപത്രവും.**

6. <u>**മികച്ച കാവ് സംരക്ഷണ പുരസ്കാരം**</u>: മികച്ച കാവ് സംരക്ഷണത്തിന് ഈ വർഷത്തിൽ ആദ്യമായി ഏർപ്പെടുത്തിയ അവാർഡ് എറണാകുളം ജില്ലയിലെ **M/s പൊന്നംകുടം കാവ്,** ശ്രീ പൊന്നംകുടം ഭഗവതി ദേവസ്വം ട്രസ്റ്റ്, വടകോട് പി.ഒ., കൊച്ചി. **₹ 50,000 രൂപയും പ്രശസ്തിപത്രവും.**

7. <u>**ഹരിത വ്യക്തി:**</u> **ശ്രീ. എച്ച് അബ്ദുൾ ലത്തീഫ്,** പടിപ്പുരയ്ക്കൽ, കായംകുളം, ആലപ്പുഴ. **₹ 50,000 രൂപയും പ്രശസ്തിപത്രവും.**

ആരോഗ്യപ്പച്ചപോലുള്ള വൈവിധ്യമാർന്ന ഔഷധസസ്യങ്ങൾ, വള്ളിച്ചെടികൾ, ജൈവവൈവിധ്യസംരക്ഷണ അറിവ് സമൂഹത്തിലേക്ക് എത്തിക്കുവാനുള്ള പ്രവർത്തനങ്ങൾ, ജനിതകവസ്തുക്കളുടെ കൈമാറ്റവും സംരക്ഷണ പ്രവർത്തനങ്ങളും.

<u>**സർട്ടിഫിക്കറ്റ് ഓഫ് അപ്പ്രീസിയെഷൻ**</u>: **ഡോ. പി. ദിലീപ്,** അക്കരോൽ (വീട്), കച്ചേരി (പോസ്റ്റ്), എടച്ചേരി, കോഴിക്കോട്.

ജൈവവൈവിധ്യസംരക്ഷണത്തിൽ നൂതനാശയം പൊതുജന പങ്കാളിത്തത്തോടെ നടപ്പിലാക്കിയതിന്

8. <u>**മികച്ച സംരക്ഷക കർഷകൻ (സസ്യജാലം) :**</u> **ശ്രീ. സത്യനാരായണ ബെലേരി**, ബെലേരി വീട്, കാറഡുക്ക, നെറ്റഗീഗെ, കിന്നിഗർ, കാസർകോട്.

& **ശ്രീ. ഷിംജിത്ത് എൻ.,** ജൈവകം, കാഞ്ഞിരാട്, തില്ലങ്കേരി, കണ്ണൂർ എന്നിവർ ഒന്നാം സ്ഥാനം പങ്കിട്ടു. **₹ 25,000 രൂപ വീതവും പ്രശസ്തിപത്രവും.**

**ശ്രീ. സത്യനാരായണ ബെലേരി** : ജനിതക ജൈവവൈവിധ്യസംരക്ഷണ മികവിന്റെ അടിസ്ഥാനത്തിൽ. 630 ഓളം നെല്ലിന്റെ വൈവിധ്യങ്ങൾ, ഔഷധസസ്യ വൈവിധ്യം, കുരുമുളക് വൈവിധ്യം, നാടൻ പശു സംരക്ഷണം എന്നീ നിലകളിൽ പ്രവർത്തിക്കുന്നു, ഒപ്പം പത്മശ്രീ ജേതാവും.

**ശ്രീ. ഷിംജിത്ത് എൻ. :** വിവിധതരം വാഴകൾ, എള്ള്, മഞ്ഞൾ, വിവിധ നെല്ലിനങ്ങൾ, ആരോഗ്യപച്ച, മരമഞ്ഞൾ, വിവിധതുളസി ഇനങ്ങൾ, കറ്റാർവാഴ തുടങ്ങിയ ഔഷധ സസ്യങ്ങൾ, വിവിധയിനം മുളകൾ, മൽസ്യക്കുളം.. ഒപ്പം ജീവനോപാധിയായി കസ്തൂരിമഞ്ഞൾ, വേപ്പ്, എള്ള് എണ്ണ, വിവിധ തരം വിത്തുകൾ എന്നിവ തയാറാക്കി വിൽപ്പന നടത്തുന്നതിലൂടെ വരുമാനവും കണ്ടെത്തുന്നു.

<u>**സർട്ടിഫിക്കറ്റ് ഓഫ് അപ്പ്രീസിയെഷൻ:**</u> **ശ്രീ. റെജി ജോസഫ്,** കടക്കെത്ത്, പുല്ലുപ്രം, അങ്ങാടി, റാന്നി, പത്തനംതിട്ട.

9. <u>**മികച്ച സംരക്ഷക കർഷക അവാർഡ് (സസ്യജാലം):**</u> **ശ്രീമതി പരപ്പി എ.** പടിഞ്ഞാറ്റിൻകര, മണിതുക്കി, വിതുര, തിരുവനന്തപുരം & **ശ്രീമതി കെ. ജയശ്രീ**, ചൈത്രം, കരണി (പി.ഒ), പനങ്കണ്ടി, കണിയാമ്പറ്റ, വയനാട് എന്നിവർ ഒന്നാം സ്ഥാനം പങ്കിട്ടു. **₹ 25,000 രൂപ വീതവും**

**പ്രശസ്തിപത്രവും.**

**ശ്രീമതി പരപ്പി എ.** : **"**മക്കളുവളർത്തി**"** എന്ന അപൂർവയിനം പൈനാപ്പിൾ, 30 വർഷമായി സംരക്ഷിച്ചു പരിപാലിക്കുന്നു.

**<u>സർട്ടിഫിക്കറ്റ് ഓഫ് അപ്പ്രീസിയെഷൻ:</u> ശ്രീമതി ശാലിനി രമേശൻ**, ഭൂമി ഓർച്ചാർഡ്, കോളേരി പി.ഒ. വയനാട്. (*അപൂർവമായ വിദേശിയും സ്വദേശിയും പഴവർഗങ്ങൾ, പച്ചക്കറികൾ, മുള വർഗ്ഗങ്ങൾ, വാരൽ മീൻ, കോഴികൾ , മുയൽ എന്നിവയുടെ പരിപാലനം*)

10. **<u>മികച്ച സംരക്ഷക കർഷകൻ (ജന്തു/പക്ഷി) വിഭാഗം:</u> ശ്രീ. അജയകുമാർ വി.ആർ.**, വള്ളുഴത്തിൽ (വീട്), കുറുവാഴങ്കുഴി, പുള്ളോട്, പത്തനംതിട്ട

& **ശ്രീ ജിജീഷ് കെ.വി.**, ജെ.ഡി.എം. ഹരിതീർത്ഥക്കര ഫാം, ചൂരൽ, മാത്തിൽ, കണ്ണൂർ ജില്ല എന്നിവർ ഒന്നാം സമ്മാനം പങ്കിട്ടു. **₹ 25,000 രൂപ വീതവും പ്രശസ്തിപത്രവും.**

**ശ്രീ. അജയകുമാർ വി.ആർ.** : എഴുന്നൂറോളം പശുക്കളും അതിൽ 19 ഓളം തദ്ദേശീയ ഇനങ്ങളേയും വളർത്തുന്ന സംരക്ഷക കർഷകൻ.

**ശ്രീ ജിജീഷ് കെ.വി.** : നൂറോളം പശുക്കളും അതിൽ പതിനൊന്ന് നാടൻ ഇനങ്ങളും, 6 തരം നായകൾ, 2 ഇനം കുതിര, 3 തരം താറാവ്, വിവിധ തരം കോഴികൾ എന്നിവയും സംരക്ഷിക്കുന്ന സംരക്ഷക കർഷകൻ.

11. **<u>ജൈവവൈവിധ്യ പത്രപ്രവർത്തകൻ (അച്ചടി മാധ്യമം)</u>** : **ശ്രീമതി നവമി സുധീഷ്**, ഗയ ഹൗസ് നമ്പർ 20, ദിവ്യ നഗർ, പട്ടത്താനം, കൊല്ലം. **₹ 25,000 രൂപയും പ്രശസ്തിപത്രവും.**
12. **<u>ജൈവവൈവിധ്യ മാധ്യമപ്രവർത്തകൻ (ദൃശ്യ, ശ്രാവ്യമാധ്യമം)</u>**: **ശ്രീ. കെ. മധു,** സീനിയർ ഡപ്യൂട്ടി എഡിറ്റർ, റിസർച്ച് ആൻറ് കണ്ടൻറ്, മാതൃഭൂമി ന്യൂസ്, തിരുവനന്തപുരം. **₹ 25,000 രൂപയും പ്രശസ്തിപത്രവും.**

–

വിശ്വസ്തതയോടെ

Signed by
V Balakrishnan
Date: 31-08-2024 17:35:32

മെമ്പർ സെക്രട്ടറി